# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.06.2026**

## പ്രധാനവാർത്തകൾ

1. അന്താരാഷ്ട്ര വിപണിയിൽ എൽ.പി.ജി വില ഉയർന്നിട്ടും ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ഗാർഹിക പാചകവാതകം ലഭ്യമാക്കുന്നതെന്ന് കേന്ദ്ര സർക്കാർ.
2. അന്തരിച്ച നടൻ സലിം കുമാറിന് സംസ്ഥാന സർക്കാർ ഔദ്യോഗിക ബഹുമതികളോടെ വിട നൽകും. സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ
3. **CBSC** 12 -ാം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ പുനഃ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള സമയപരിധി ഇന്ന് അർധരാത്രി അവസാനിക്കും.
4. ഇന്ന് ലോക ഭക്ഷ്യ സുരക്ഷാ ദിനം. സുരക്ഷിതവും ശുചിത്വവുമുള്ള ഭക്ഷണം ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ.
5. സംസ്ഥാനത്ത് കാലവർഷം ശക്തം. ഏഴു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. അഫ്ഗാനിസ്ഥാനെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ആദ്യ ഇന്നിംഗ്സിൽ മികച്ച സ്കോർ..

RNU TVPM

## പാചകവാതകം

അന്താരാഷ്ട്ര വിപണിയിൽ എൽ.പി.ജി വില കുത്തനെ ഉയർന്നിട്ടും, ഇന്ത്യയിൽ ലോകത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ഗാർഹിക പാചകവാതകം ലഭ്യമാക്കുന്നതെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യയിലെ സിലിണ്ടർ വില അയൽരാജ്യങ്ങളേക്കാൾ കുറവാണെന്നും യുഎസ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ വികസിത രാജ്യങ്ങളിലെ വിലയേക്കാൾ താഴെയാണെന്നും പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. പ്രധാനമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് വർഷത്തിൽ ആദ്യത്തെ നാല് റീഫില്ലുകൾക്ക് മുന്നൂറ് രൂപ വീതം നേരിട്ടുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. 14.2 കിലോഗ്രാം എൽ.പി.ജി സിലിണ്ടറിന് 642 രൂപ മാത്രമാണ് നൽകേണ്ടി വരുന്നത്. കൂടാതെ, ഗാർഹിക ആവശ്യങ്ങൾക്കുള്ള 14.2 കിലോഗ്രാം എൽ.പി.ജി പാചകവാതക സിലിണ്ടറിന്റെ വിലയിൽ 29 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

PNU TVPM

## സലിംകുമാർ - സംസ്കാരം

അന്തരിച്ച നടൻ സലിം കുമാറിന് സംസ്ഥാന സർക്കാർ ഔദ്യോഗിക ബഹുമതികളോടെ വിട നൽകും. വൈകിട്ട് 3.30 ന് പറവൂരിലെ വീട്ടുവളപ്പിലാണ് സംസ്കാരം. പറവൂർ ടൗൺ ഹാളിൽ നടക്കുന്ന പൊതുദർശനത്തിൽ, മുഖ്യമന്ത്രി വി.ഡി സതീശൻ, മന്ത്രിമാർ, സിനിമ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ സലിംകുമാറിന് അന്ത്യാഞ്ജലി അർപ്പിച്ചു. പ്രിയ നടനെ അവസാനമായി കാണാൻ നൂറുകണക്കിന് ആരാധകരാണ് ടൗൺഹാളിൽ എത്തിയത്. കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാത്രിയായിരുന്നു സലിംകുമാർ അന്തരിച്ചത്. മൂന്നു പതിറ്റാണ്ടിനിടെ 350 ഓളം ചിത്രങ്ങളിൽ വേഷമിട്ട സലിംകുമാർ നർമപ്രാധാന്യമുള്ള കഥാപാത്രങ്ങൾ സ്വന്തം ശൈലിയിലൂടെ അവതരിപ്പിച്ചു. സലിംകുമാറിൻറെ ശൈലികളും മാനറിസങ്ങളും ഏറെ ജനപ്രിയവും മലയാളികളുടെ ജീവിതത്തിൻറെ ഭാഗവുമായിരുന്നു. കാരക്ടർ വേഷങ്ങളിലും അദ്ദേഹം തിളങ്ങി. മികച്ച നടനുള്ള ദേശീയ,

സംസ്ഥാന പുരസ്കാരങ്ങൾ നേടിയ സലിംകുമാർ സംവിധായകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ചിന്തകൻ എന്നീ നിലകളിലും ശ്രദ്ധ നേടി.

## സലിംകുമാർ - അനുശോചനം

സലിം കുമാറിന്റെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനുശോചനം രേഖപ്പെടുത്തി. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സലിം കുമാർ വെറുമൊരു ചലച്ചിത്ര താരം മാത്രമല്ല തന്റെ കൂടപ്പിറപ്പും കുടുംബാംഗവുമായിരുന്നെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ അനുസ്മരിച്ചു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മന്ത്രിമാരായ രമേശ് ചെന്നിത്തല, പി.സി വിഷ്ണുനാഥ്, സണ്ണി ജോസഫ് തുടങ്ങിയവരും അനുശോചനം രേഖപ്പെടുത്തി.

## ജഗദീഷ് (ഇൻട്രോ)

കലാരാഗത്തെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളായിരുന്നു സലിം കുമാറെന്നും അദ്ദേഹത്തിൻറെ വിയോഗം വ്യക്തിപരമായും സമൂഹ ത്തിനാകെയും വലിയ നഷ്ടമാണെന്നും നടൻ ജഗദീഷ് അനുശോചിച്ചു. കലാ-രാഷ്ട്രീയ- സാംസ്കാരിക- സാഹിത്യ മേഖലകളിൽ വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയായിരുന്നു സലിം കുമാറെന്നും അഭിപ്രായങ്ങൾ വെട്ടിത്തുറന്ന് പറയാൻ അദ്ദേഹം എന്നും ആർജവം കാണിച്ചിരുന്ന തായും ശ്രീ ജഗദീഷ് ആകാശവാണി വാർത്തകളോട് പറഞ്ഞു. (ഹോൾഡ് വോയ്സ്............)

## സിബിഎസ് ഇ

CBSC 12 -ാം ക്ലാസ് പരീക്ഷാ പേപ്പറുകളുടെ പുനഃ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസരം ഇന്ന് അവസാനിക്കും. ഇന്ന് അർധരാത്രി വരെ അപേക്ഷ സമർപ്പിക്കാനുള്ള പോർട്ടൽ തുറന്നിരിക്കുമെന്ന് CBSC സമൂഹ മാധ്യമത്തിൽ കുറിച്ചു. അവസാന തീയതിക്ക് മുൻപ്

RNU TVPM

അപേക്ഷകൾ നല്കാൻ വിദ്യാർഥികൾ ശ്രദ്ധിക്കണമെന്ന് ബോർഡ് അറിയിച്ചു.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## ഭക്ഷ്യ സുരക്ഷാ ദിനം

ഇന്ന് ലോക ഭക്ഷ്യ സുരക്ഷാ ദിനം. ഭക്ഷ്യജന്യ രോഗങ്ങൾ തടയുക, കണ്ടെത്തുക, കൈകാര്യം ചെയ്യുക എന്നിവ ലക്ഷ്യമിട്ടാണ് ദിനാചരണം. From burden to solutions – safe food everywhere എന്നതാണ് ഈ വർഷത്തെ പ്രമേയം.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## ലോക ഭക്ഷ്യസുരക്ഷാ ദിനം-നഡ്ഡ

ലോക ഭക്ഷ്യസുരക്ഷാ ദിനത്തോടനുബന്ധിച്ച് സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷണം ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത ആവർത്തിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പിന്തുടർന്ന് ആരോഗ്യകരവും സ്വയംപര്യാപ്തവുമായ ഇന്ത്യയെ കെട്ടിപ്പടുക്കാൻ എല്ലാവരും കൈകോർക്കണമെന്ന് അദ്ദേഹം സമൂഹിമാധ്യമത്തിലൂടെ ആഹ്വാനം ചെയ്തു.

RNUTVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## ഹയർ സെക്കണ്ടറി

സംസ്ഥാനത്ത് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന് ട്രയൽ അലോട്ട്മെൻറ് നാളെ. ഈ മാസം 15-നാണ് ഒന്നാം അലോട്ട്മെൻറ്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠

## മഴ - (ഇൻട്രോ)

സംസ്ഥാനത്ത് ഏഴു ജില്ലകളിൽ അതിശക്തമായ ഒറ്റപ്പെട്ട മഴ സൂചിപ്പിക്കുന്ന ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(വോയ്സ്..........)

ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

## മഴക്കാല രോഗ വ്യാപനം (ഇൻട്രോ)

മഴക്കാലം ആരംഭിച്ചതോടെ വായുവിലൂടെ പകരുന്ന രോഗങ്ങളുടെ വ്യാപനം പത്തനംതിട്ട ജില്ലയിൽ വർധിക്കുന്നതായും വയോജനങ്ങൾ, ഗർഭിണികൾ, മറ്റു ഗുരുതര രോഗമുള്ളവർ എന്നിവർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്.......)

## വയനാട് - മഴ

വയനാട് ജില്ലയിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ തുടരുന്നു. ജില്ലയിലെ ക്വാറികളുടെ പ്രവർത്തനവും യന്ത്രസഹായത്തോടെയുള്ള മണ്ണ് നീക്കവും ഇനിയൊരു ഉത്തരവുണ്ടാകുന്നതു വരെ അനുവദിക്കില്ല. ജില്ലയിലെ ദുരന്ത സാധ്യത നേരിടുന്ന ദുർബല പ്രദേശങ്ങളിലെ ഹോം സ്റ്റേ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും അഡ്വഞ്ചർ ടൂറിസം സെന്ററുകളുടെയും പ്രവർത്തനവും എല്ലാ ട്രക്കിങ്ങുകളും നിർത്തിവച്ചിട്ടുണ്ട്.

RNU TVPM

## കണ്ണൂർ - മഴ

കണ്ണൂരിൽ രാവിലെയുണ്ടായ കനത്ത മഴയിൽ പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു. താഴ്ന്ന പ്രദേശങ്ങളിലും ദേശീയപാത 66 ന്റെ ഭാഗമായുള്ള സർവീസ് റോഡുകളിൽ പലയിടത്തും വെള്ളം കയറിയിട്ടുണ്ട്. തളിപ്പറമ്പ് കുപ്പത്ത് സി എച്ച് നഗറിലെ മുപ്പതോളം വീടുകളിൽ വെള്ളവും ചെളിയും ഒലിച്ചിറങ്ങി.

## ക്രിക്കറ്റ്

അഫ്ഗാനിസ്ഥാനെതിരായ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ആദ്യ ഇന്നിംഗ്സിൽ മികച്ച സ്കോർ. രണ്ടാം ദിനം ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ ഇന്ത്യ 6 വിക്കറ്റിന് 475 റൺസ് എന്ന നിലയിലാണ്. ഇന്ത്യക്കായി ക്യാപ്റ്റൻ ശുഭ്മാൻ ഗിലും കെഎൽ രാഹുലും സെഞ്ച്വറി നേടി.

RNU TVPM

## സാഫ് വനിതാ ഫുട്ബോൾ

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് കിരീടം. നിലവിലെ ചാമ്പ്യന്മാരായ ബംഗ്ലാദേശിനെ 3-1 ന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ആറാം കിരീടം ചൂടിയത്.

## ഇടശ്ശേരി - സ്മൃതിശേഖരം

മഹാകവി ഇടശ്ശേരിയുടെ സ്മൃതിശേഖരം നാടിന് സമർപ്പിച്ചു. പൊന്നാനിയിലെ ഇടശ്ശേരി സാഹിത്യ മന്ദിരത്തിൽ ഒരുക്കിയ സ്മൃതി ശേഖരത്തിന്റെ ഉദ്ഘാടനം ഡോ. എം ലീലാവതി ഓൺലൈൻ ആയി നിർവഹിച്ചു. ഇടശ്ശേരി സ്മാരകസമിതിയും ഇടശ്ശേരി സ്മാരക ട്രസ്റ്റും ചേർന്നാണ് സ്മൃതിശേഖരം യഥാർഥ്യമാക്കിയത്.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## വൈശാഖോത്സവം

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ ഇന്ന് ഇളനീർ വെപ്പ്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇളനീർ കാവുകളുമായി സംഘങ്ങൾ കൊട്ടിയൂരിൽ എത്തിത്തുടങ്ങി. നാളെ ഇളനീരാട്ടവും അഷ്ടമി ആരാധനയും നടക്കും.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## വാഹനാപകടം

പത്തനംതിട്ട കലഞ്ഞൂർ വലിയപള്ളിക്ക് സമീപം ലോറിയും കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ അച്ഛനും മകളും മരിച്ചു. പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയിൽ ഇന്ന് പുലർച്ചെയായിരുന്നു അപകടം. ആലുവ സ്വദേശികളായ ഇവർ തമിഴ്നാട്ടിൽ സ്ഥിരതാമസമാക്കിയ വരാണ്.

RNU TVPM

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## സ്വർണ്ണവില

സ്വർണ്ണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 12,000 രൂപയും ഗ്രാമിന് 14,000 രൂപയുമാണ് ഇന്നത്തെ വില.

❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁✠❁

## നാഷണൽ ടെസ്റ്റിംഗ് ഏജൻസി

നീറ്റ് UG പുനഃപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പ്രചാരണം തള്ളി നാഷണൽ ടെസ്റ്റിംഗ് ഏജൻസി. ഇതുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന അവകാശവാദങ്ങൾ വ്യാജമാണെന്ന് എൻ.ടി.എ അറിയിച്ചു. പരീക്ഷാ പ്രക്രിയ കുറ്റമറ്റതാക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് സുരക്ഷിതവും സുതാര്യവുമായ പരീക്ഷ ഉറപ്പാക്കാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും എൻ.ടി.എ വ്യക്തമാക്കി.

## പശ്ചിമേഷ്യയിൽ സംഘർഷം

കുവൈത്തിലെയും ബഹ്റൈനിലെയും യു.എസ് സൈനിക താവളങ്ങൾക്ക് നേരെയുണ്ടായ ഇറാൻറെ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തോടെ പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷം രൂക്ഷം. ഇന്നലെ ഉണ്ടായ ആക്രമണത്തെത്തുടർന്ന് ഗൾഫ് രാജ്യങ്ങളും അമേരിക്കൻ സേനയും വ്യോമ പ്രതിരോധ സംവിധാനം ശക്തമാക്കി.

RNU TVPM